പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2861 — 07.02.2018-ൽ മറുപടിക്ക്

# കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളും പാലങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്ലാനും സ്കെച്ചും തയ്യാറാക്കുന്നത് കേന്ദ്ര സർക്കാർ ഏജൻസികൾ ഏകപക്ഷീയമായിട്ടാണോ; വ്യക്തമാക്കാമോ; | (എ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്ലാനും സ്കെച്ചും തയ്യാറാക്കുന്നത് കേന്ദ്ര സർക്കാർ ഏജൻസികൾ ഏകപക്ഷീയമായിട്ടല്ല. പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്നത് ഐ.ആർ.സി മാനദണ്ഡങ്ങളും, മറ്റ് ബാധകമായിട്ടുള്ള കോഡുകൾ പ്രകാരവുമാണ്. കേരള പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പരിഗണിക്കാറുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. |
| (ബി). ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ജനവാസ കേന്ദ്രങ്ങളുടെ നിലനിൽപിനും ദോഷകരമായ നിലയിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ സംസ്ഥാന സർക്കാർ ഇടപെട്ട് ശാസ്ത്രീയമായ നിലയിൽ മാറ്റം വരുത്താൻ കഴിയുമോ ; | (ബി). ഭൂമിശാസ്ത്രപരമായും, പാരിസ്ഥിതികമായും ജനവാസ കേന്ദ്രങ്ങളുടെ നിലനിൽപ്പിന് ദോഷകരമായ നിലയിൽ ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചും, സോഷ്യൽ ഇംപാക്ടുകളെക്കുറിച്ചും പ്രത്യേക പഠനം നടത്താറുണ്ട്. |
| (സി). വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമ്പോൾ തന്നെ ജനവാസ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വരുന്ന പരാതികൾ കൂടി പരിഹരിക്കേണ്ടതല്ലേ ; വ്യക്തമാക്കുമോ; | (സി) വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമ്പോൾ കാര്യപ്രസക്തമായ പരാതികൾ ലഭിക്കുകയാണെങ്കിൽ ആയവ കൂടി പരിഗണിക്കാറുണ്ട്. |

| | |
|---|---|
| (ഡി). ആലപ്പുഴ എൻ. എച്ച്. ബൈപ്പാസ് റോഡിന്റെ സർവ്വീസ് റോഡിന്റെയും ഓടയുടെയും നിർമ്മാണത്തെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ച വിഷയത്തിൽ ബന്ധപ്പെട്ട കരാറുകാരനോട് അംഗീകാരം ലഭിച്ച രൂപരേഖ പ്രകാരമുള്ള പണികൾ യഥാവിധി ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ